(ബി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിൽ കിട്ടിയിട്ടില്ല.

(സി) നിർദ്ദേശം കിട്ടിയാൽ പരിഗണിക്കുന്നതാണ്.

12 (2569) ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസ് മേധാവികളുടെ അധികാരങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസ് തലവൻമാരുടെ തസ്തികകളിൽ ഒഴിവുവരുമ്പോൾ തൊട്ടടുത്ത സ്ഥാനത്തുള്ള ഉദ്യോഗസ്ഥന് ചാർജ്ജ് നൽകുന്നതിന് വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഇങ്ങനെ ചാർജ്ജ് നൽകാത്തതുമൂലം താഴ്ന്ന ജീവനക്കാർക്ക് ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാനുണ്ടാകുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) എങ്കിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് ഈ അധികാരം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

13 (2570) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ പുതിയ തസ്തികകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതുതായി എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) തസ്തികകൾ തിരിച്ചുള്ള കണക്കുകൾ വിശദീകരിക്കുമോ;

(സി) 1996-ൽ അനുവദിച്ച പല തസ്തികകളും വെട്ടിക്കുറച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഡി.പി.സി. യഥാസമയം കൂടാത്തതിനാൽ ഉയർന്ന തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുവാൻ കാലതാമസം നേരിടുന്നുവെന്ന പരാതി ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഇ) ഡി.പി.സി. അവസാനമായി കൂടിയതെന്നാണ്;

(എഫ്) അടിയന്തിരമായി ഡി.പി.സി. കൂടി ഉദ്യോഗക്കയറ്റങ്ങളിൻമേൽ അടിയന്തിര തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, തസ്തികയിലേയ്ക്കുള്ള ഡി.പി.സി. അവസാനമായി കൂടിയത് എന്നാണ്;

(എച്ച്) ഈ തസ്തികകളിൽ താൽക്കാലികമായി ആരെയൊക്കെ പ്രൊമോട്ട് ചെയ്തിട്ടുണ്ട്;

(ഐ) ഈ തസ്തികകളിലേയ്ക്ക് പ്രൊമോഷന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ്;

(ജെ) 1990 വർഷത്തേയ്ക്കുള്ള ഡി.പി.സി. യുടെ പരിഗണനയ്ക്കായി മതിയായ യോഗ്യതകളുള്ള ഉദ്യോഗസ്ഥർ ഉള്ളപ്പോൾ 1996-ൽ മാത്രം ടെസ്റ്റു പാസ്സാകുകയും 19.1.1996-ൽ പ്രൊമോഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെ ഡി.പി.സി.യുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(കെ) എങ്കിൽ ഇതു സംബന്ധിച്ച് വിശദീകരണം നൽകുമോ?

ഉത്തരം

(എ) 151

(ബി)

ജോയിന്റ് ഡയറക്ടർ	-	1
ഡെപ്യൂട്ടി ഡയറക്ടർ	-	2
ആഡിറ്റ് ആഫീസർ	-	36
ആഡിറ്റർ	-	83
ടൈപ്പിസ്റ്റ്	-	14
അറ്റൻഡർ	-	1
പ്യൂൺ	-	14
ആകെ	-	151

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ അനുവദിച്ച തസ്തികകളൊന്നും വെട്ടിക്കുറച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ)

ഡി.പി.സി. (ലോവർ)	-	18.3.1999.
ഡി.പി.സി. (ഹയർ)	-	4.12.1998.
ഡി.പി.സി. (സപ്ലിമെന്ററി)	-	19.5.1999.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

(ജി) ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) എന്നീ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുള്ള സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ഡി.പി.സി. മീറ്റിംഗുകൾ ഈ തസ്തികകൾ നിലവിൽ വന്നതിനുശേഷം നാളിതുവരെ കൂടിയിട്ടില്ല.

(എച്ച്) ശ്രീ. കെ. ചന്ദ്രനാഥൻ, ഡയറക്ടർ
ശ്രീ. കെ.കെ. രാജൻ, ജോയിന്റ് ഡയറക്ടർ
ശ്രീ. എ.സി. എബ്രഹാം ,,
ശ്രീ. എം. അജിത്കുമാർ, ,,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ശിവദാസൻ ,,
ശ്രീ. ബി. കൃഷ്ണൻകുട്ടി, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)
ശ്രീ. എം. ഗോപാലൻ നായർ ,,
ശ്രീ. കെ.ഒ. തോമസ് ,,
ശ്രീ. ജെ.ടി. ജയദാസ് ..
ശ്രീ. പി.കെ. രാധാകൃഷ്ണൻ ,,
ശ്രീ. കെ.വി. ഭരതൻ ,,
ശ്രീമതി കെ. ഗീതാമണി ,,

(ഐ) ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്), ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനം യഥാക്രമം ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) എന്നിവയിൽനിന്നുള്ള പ്രൊമോഷൻ വഴിയാണ് നടത്തുന്നത്.

(ജെ)&(കെ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ഹയർ ഡി.പി.സി. ഇതുവരേയും കൂടിയിട്ടില്ല. ആയതിനാൽ ജനറൽ റൂൾ 31 (എ) (1) അനുസരിച്ചാണ് ഉദ്യോഗക്കയറ്റം നൽകിവന്നിരുന്നത്. ഈ റൂൾ അനുസരിച്ച് ടെസ്റ്റ് പാസാകാത്ത ജീവനക്കാർക്ക് സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണൽ പ്രൊമോഷൻ നൽകാം. ഡി.പി.സി. കൂടിയിട്ടില്ലായിരുന്നതിനാൽ ഈ പ്രൊമോഷന് സാധൂകരണമുണ്ട്. 9/98-നു ശേഷം താൽക്കാലിക പ്രൊമോഷനുകൾ അനുവദിക്കുന്നില്ല. ഡി.പി.സി. കൂടുന്ന സമയത്ത് പ്രൊമോഷന് അർഹതപ്പെട്ട എല്ലാ ജീവനക്കാരുടേയും പേരുകൾ പരിഗണിക്കേണ്ടതുണ്ട്.

14 (2571) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ റിപ്പോർട്ട്

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സെക്രട്ടേറിയേറ്റിലെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ ആഫീസിൽ പരിശോധന നടത്തിയശേഷം 10.9.1997-ൽ ഗവൺമെന്റിനു സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് കരുതുന്നില്ല.

15 (2572) ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് 2-ാം പേപ്പറിൽ 'ഓഫീസ് പ്രൊസീഡ്യൂർ ഇൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസ്' എന്ന വിഷയത്തിന് നിശ്ചയിച്ചിട്ടുള്ള ടെക്സ്റ്റ് ബുക്ക് ഏതാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly